**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 390** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭജല ലഭ്യത നിർണ്ണയിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ., ശ്രീ. എ. സി. മൊയ്തീൻ , ശ്രീ സി കെ ഹരീന്ദ്രൻ, ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂഗർഭജല ലഭ്യത നിർണ്ണയിക്കുന്നതിനും അത് വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് net ground water availability കണ്ടെത്തുന്നതിന് സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനങ്ങൾ നടത്തി വരുന്നു. സംസ്ഥാനത്ത് പ്രാദേശികമായി ഭൂഗർഭ ജല ലഭ്യത നിർണയിക്കുന്നതിന് ഭൂജലത്തിനുള്ള അന്വേഷണവും വികസനവും എന്ന പ്ലാൻ പദ്ധതിയിലൂടെയും ഭൂഗർഭ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിന് ഭൂജലസംരക്ഷണവും സംപോഷണവും എന്ന പ്ലാൻ സ്കീമുകളിൽ ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയുമായി ബന്ധപ്പെട്ട് ജലനിധിയിൻ കീഴിൽ ജല സംരക്ഷണത്തിനായി റഗുലേറ്റർ ചെക്ക് ഡാം, ചെറുകിട തടയണകൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented Cross Bar), കോണ്ടൂർ ബണ്ട്, കുളങ്ങളുടെ സംരക്ഷണം, കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, വ്യക്തിഗത കുടുംബങ്ങൾക്ക് പ്രയോജനം കിട്ടുന്ന 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികളും, തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യും ഭൂജല സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാനപരമായി എന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ഒരു പ്രദേശത്തെ ഭൂജലശാസ്ത്രം, മണ്ണിന്റെയും പാറയുടെയും ഭൗതിക സ്വഭാവം/ഘടന, ആ പ്രദേശത്തുള്ള ഭൂജല നിരപ്പിന്റെ ദീർഘകാല സ്വഭാവ രീതി, ദീർഘകാല ഭൂജല ലഭ്യത, ജലത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ടുത്തിയുള്ള ഗുണനിലവാരം, ഭൂജല മലിനീകരണത്തിനുള്ള സാധ്യത, അടുത്ത് സ്ഥിതി ചെയ്യുന്ന കിണറുമായി നിർദ്ദിഷ്ട കിണറിനുള്ള അകലം, ആ പ്രദേശത്തുള്ള കിണറുകളുടെ എണ്ണം, നിലവിലുള്ള കിണറുകളുമായി |

| | | | |
|---|---|---|---|
| | | | ഇടപെടാനുള്ള സാധ്യത, ജലം ഉപയോഗിക്കുന്നത് എന്ത് ആവശ്യത്തിനാണ് എന്നിവയുടെ അടിസ്ഥാനത്തിലാണ് ഭൂഗർഭ ജലലഭ്യത നിർണയിക്കുന്നത്.<br><br>ഒരു പ്രദേശത്ത് ലഭിക്കുന്ന മഴയുടെ അളവ്, കാർഷികം, വ്യാവസായികം, ഗാർഹികം എന്നിവയ്ക്കായി ഉപയോഗിക്കുന്ന ജലത്തിന്റെ അളവ്, ഒരു പ്രദേശത്ത് എത്ര മാത്രം ഭൂജലം റീച്ചാർജ്ജ് ചെയ്യപ്പെടുന്നു എന്നതിന്റെ അളവ്, ഒരു പ്രദേശത്തെ ജല വിതാനത്തിലുള്ള വ്യതിയാനത്തിന്റെ അളവ് എന്നിവ കൂടി കണക്കിലെടുത്താണ് ഭൂജല ലഭ്യത നിർണയിക്കുന്നത്.<br><br>ഭൂജല സംപോഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ മഴയുടെ അളവ്, ഭൂമിയുടെ ചരിവ്, മേൽ മണ്ണിന്റെ കനം, മണ്ണിന്റെ തരം എന്നിവ പരിഗണിക്കുകയും ഗുരുതര-അർദ്ധ ഗുരുതര ബ്ലോക്കുകളിൽ ഭൂജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകിയും സുരക്ഷിത ബ്ലോക്കുകൾ തൽസ്ഥിതി തുടരുന്നതിനുള്ള മറ്റു സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിച്ചും മഴക്കാലത്ത് ഭൂനിരപ്പിൽ നിന്നും ഭൂജല നിരപ്പിലേക്കുള്ള ആഴം 3 മീറ്ററിൽ കൂടുതലുള്ള പ്രദേശങ്ങളിൽ മാത്രം ഭൂജല സംപോഷണ പ്രവർത്തനങ്ങൾ ഭൂജല വകുപ്പ് ചെയ്തു വരുന്നു.<br><br>KRWSA മുഖേന തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ലോക ബാങ്ക് ധനസഹായത്തോടെ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജലനിധി പദ്ധതികൾ നടപ്പിലാക്കിയ പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. അടിസ്ഥാനപരമായി വെള്ളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ Ground water investigation നടത്തി കുടിവെള്ള സ്രോതസ്സ് തീരുമാനിച്ച് എത്ര കുടുംബങ്ങൾക്ക് നിർദ്ദേശിച്ച അളവിൽ ജലലഭ്യത ഉറപ്പുവരുത്താൻ സാധിക്കുമെന്ന് തീരുമാനിക്കുന്നു. |
| (സി) | ഭൂഗർഭജലവിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി നടത്തിയ പഠനഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | ഭൂഗർഭ ജല വിതാനത്തിലെ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുന്നതിനായി പ്രത്യേക പഠനങ്ങൾ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഭൂജല നിരപ്പിന്റെ ഏറ്റകുറച്ചിലുകൾ മനസിലാക്കാൻ സംസ്ഥാനത്ത് ഉടനീളം ആകെ 1349 എണ്ണം നിരീക്ഷണ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ നിരീക്ഷണ കിണറുകളിൽ നിന്ന് പ്രതിമാസ ജലനിരപ്പ് ശേഖരിക്കുകയും വിവിധ |

| | | | |
|---|---|---|---|
| | | | അനാലിസിസുകൾ നടത്തി വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് സുസ്ഥിര ഭൂജല വികസനത്തിനായി ഭൂജല സംപോഷണ പ്രവർത്തനങ്ങൾ വിപുലമായി വകുപ്പ് നടത്തി വരുന്നു. കൂടാതെ വകുപ്പിന്റെ ജലസംരക്ഷണ/ഭൂജലസംപോഷണ മാർഗങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റു വകുപ്പുകളുടെ (മണ്ണ് സംരക്ഷണ വകുപ്പ്, MGNREGS,Etc...) വിവിധ പദ്ധതികളിലൂടെയും സംസ്ഥാനത്തെ ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളെ സുരക്ഷിത ബ്ലോക്കുകളായി കൊണ്ടുവരാൻ സഹായിക്കുന്നു. |
| (ഡി) | ഗുരുതരമായ ജലശോഷണം ഏതൊക്കെ മേഖലകളിലാണെന്നത് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water estimation റിപ്പോർട്ട് 2023 പ്രകാരം ഭൂജല വിനിയോഗത്തിന്റെയും വാർഷിക ഭൂജല സംപോഷണത്തിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 3 ബ്ലോക്കുകൾ (ചിറ്റൂർ, മലമ്പുഴ, കാസർഗോഡ്) ഗുരുതര വിഭാഗത്തിലും 30 ബ്ലോക്കുകൾ അർദ്ധ ഗുരുതര വിഭാഗത്തിലും, 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലുമാണ്.<br><br>ഭൂജല സ്രോതസ്സുകളുടെ കാലാനുസൃതമായ വിഭവ നിർണയം സംസ്ഥാന ഭൂജല വകുപ്പും, കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തി വരുന്നു. സംസ്ഥാനത്തെ ഭൂജല സമ്പത്ത്, ഭരണ നിർവഹണ ഘടകമായ വികസന ബ്ലോക്ക് അടിസ്ഥാനമാക്കിയാണ് തിട്ടപ്പെടുത്തുന്നത്. ഓരോ വർഷവും മഴയിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും പരിപോഷണം ചെയ്യപ്പെടുന്ന ജലത്തിന്റെ അടിസ്ഥാനത്തിലാണ് പ്രധാനമായും ഭൂജല സമ്പത്ത് കണക്കാക്കുന്നത്. ഭൂജല വിനിയോഗത്തിന്റെയും കിണറുകളിലെ ജലനിരപ്പിന്റെ ദീർഘകാലത്തെ ഗതിയും അടിസ്ഥാനമാക്കി ബ്ലോക്കുകളെ അമിത ചൂഷിതം, ഗുരുതരം, അർദ്ധഗുരുതരം, സുരക്ഷിതം എന്നീ നാലു വിഭാഗത്തിൽ തരം തിരിച്ചിരിക്കുന്നു. മാർച്ച് 2023 വരെയുള്ള ഭൂജല സമ്പത്ത് കണക്കാക്കിയിട്ടുണ്ട്. ഏറ്റവും അവസാനമായി പുറത്തിറക്കിയ പഠന റിപ്പോർട്ട് പ്രകാരം ഭൂജല വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അമിത ചൂഷിത ബ്ലോക്കുകൾ ഇല്ല. എന്നാൽ ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകൾ ഗുരുതര വിഭാഗത്തിൽ ഉൾപ്പെടുന്നു. 30 ബ്ലോക്കുകൾ അർദ്ധ ഗുരുതര വിഭാഗത്തിലും, 119 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലുമാണ്.<br><br>ഗുരുതര ബ്ലോക്കുകളായ പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസർഗോഡ് |

| | | | |
|---|---|---|---|
| | | | ജില്ലയിലെ കാസർഗോഡ് ബ്ലോക്ക് എന്നിവയാണ് സർക്കാർ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകൾ. ഇത്തരം പ്രദേശങ്ങളിൽ ഏത് തരം ഭൂജല വികസനത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഭൂജല ഉപയോഗം ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ശാസ്ത്രീയ പരിശോധനകളുടെ അടിസ്ഥാനത്തിലുള്ള ശിപാർശകളിന്മേൽ സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ